# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2721

12.02.2019-ലെ മറുപടി

## കോഴിക്കോട് ജില്ലയിലെ ജപ്പാൻ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ടി.എ. റഹീം | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതി പരിധിയിൽ വരുന്ന വിവിധ പഞ്ചായത്തുകളിൽ നിലവിൽ ഗുണഭോക്തൃ സമിതികളുടെയും ഗ്രാമപഞ്ചായത്തുകളുടെയും നിയന്ത്രണത്തിലുള്ള ചെറുകിട ഗ്രാമീണ പദ്ധതികൾ ശുദ്ധജലം ലഭ്യമല്ലാത്തതിനാൽ മുടങ്ങിക്കിടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം ചെറുകിട പദ്ധതികളിലേക്ക് മീറ്റർ സ്ഥാപിച്ച് കുടിവെള്ളം വിതരണം ചെയ്യുന്നതിന് നിയമ തടസ്സമുണ്ടോ; വിശദമാക്കാമോ; | (ബി) | കേരള വാട്ടർ അതോറിട്ടിക്ക് ഇത്തരം ചെറുകിട പദ്ധതികളിലേക്ക് ബൾക്ക് മീറ്റർ സ്ഥാപിച്ച് നിയമാനുസൃതമായി കുടിവെള്ളം വിതരണം ചെയ്യാവുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതികൾക്ക് മീറ്റർ സ്ഥാപിച്ച് കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള നിരക്ക് വ്യക്തമാക്കാമോ; | (സി) | കേരള വാട്ടർ അതോറിട്ടി ബൾക്ക് സപ്ലൈ വഴി കിലോലിറ്ററിന് 6 രൂപ നിരക്കിലാണ് കുടിവെള്ളം വിതരണം ചെയ്യുന്നത്. |

| ചോദ്യം | | മറുപടി | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതികൾക്ക് മീറ്റർ സ്ഥാപിച്ച് കുടിവെള്ള വിതരണം തുടങ്ങുന്നതിന് ആരുമായാണ് ഉടമ്പടി വെക്കേണ്ടതെന്ന് വ്യക്തമാക്കാമോ? | (ഡി) | സ്രോതസ്സ് വറ്റിയ ടി പദ്ധതികൾ പുനരുദ്ധരിക്കുന്നതിന് കെ.ആർ. ഡബ്ല്യു.എസ്സ്.എ., പഞ്ചായത്ത്, ഗുണഭോക്തൃ സമിതികൾ എന്നിവരുടെ സഹകരണത്തോടെ കെ.ഡബ്ല്യു.എ.യുമായി ചേർന്ന് ശുദ്ധീകരിച്ച ജലം ടി പദ്ധതികളിലെ ഗുണഭോക്തൃ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിന് 2019-20 സാമ്പത്തിക വർഷം പദ്ധതി രൂപീകരിക്കുന്നുണ്ട്.<br>നിലവിൽ രണ്ടാംഘട്ട ജലനിധി പദ്ധതിയിൽ നടപ്പാക്കുന്ന ബൾക്ക് വാട്ടർ സ്കീം മാതൃകയിൽ പഞ്ചായത്തും, കേരള വാട്ടർ അതോറിറ്റിയും ഇതിനായി ഉടമ്പടിയിൽ ഏർപ്പെടണം. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**